**48 (1154) ഇടത്തരം ജലസേചന പദ്ധതികൾ**

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന എത്ര ഇടത്തരം ജലസേചന പദ്ധതികൾ സംസ്ഥാനത്തുണ്ട്; ഏതെല്ലാം;

(ബി) ഇവയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) ഈ വർഷം ഇവയിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയാവും എന്ന് പറയുമോ?

ഉത്തരം

(എ)&(ബി)

| | പദ്ധതിയുടെ പേര് | നിർമ്മാണം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന വർഷം |
|---|---|---|
| 1. | കണക്കൻ കടവ് ബ്രിഡ്ജ്-കം-റെഗുലേറ്റർ | 31.5.1996 |
| 2. | കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി | 1996 |
| 3. | കാരാപ്പുഴ ജലസേചന പദ്ധതി | 1984-85 |
| 4. | തൃത്താല റഗുലേറ്ററും പാലവും | 9-ാം പദ്ധതിയുടെ അവസാനം |

(സി) കാഞ്ഞിരപ്പുഴ, കണക്കൻകടവിലെ ബ്രിഡ്ജ് കം റെഗുലേറ്റർ എന്നീ പദ്ധതികൾ ഈ വർഷം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കണക്കൻ കടവ് ബ്രിഡ്ജ്-കം-റെഗുലേറ്ററിന്റെ അപ്രോച്ച് റോഡിന്റെ മെറ്റലിംഗും ടാറിംഗും റെഗുലേറ്റർ ഷട്ടർ ഘടിപ്പിക്കലും ഒഴിച്ചു ബാക്കിയുള്ള പണികൾ തീർത്ത് 30.5.1999ന് ഗതാഗതത്തിന് തുറന്നുകൊടുക്കുകയുണ്ടായി.

**49 (1155) ചെറുകിട ജലസേചന പദ്ധതികൾ**

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൻകീഴിൽ മുൻസർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച ചെറുകിട ജലസേചന പദ്ധതികൾ ഏതെല്ലാം;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly